

# വാർത്തകളും കുറിപ്പുകളും

**1. മഹായിടവക ജ്ഞാനനിക്ഷേപം പുരസ്കാരം 2025**

മധ്യകേരള മഹായിടവക ജ്ഞാനനിക്ഷേപം അവാർഡുകൾ 2025, ഫെബ്രുവരി 1 ഞായറാഴ്ച ഉച്ചക്ക്, മഹായിടവക തൃതീയ ജൂബിലി സ്മാരക കൺവെൻഷനോടനുബന്ധിച്ചു നടത്തിയ മഹായിടവക സംഗമവേദിയിൽ വച്ച് മഹായിടവക മുൻ ബിഷപ് റൈറ്റ്. റവ.തോമസ് കെ ഉമ്മൻ, ജേതാക്കൾക്കു വിതരണം ചെയ്തു.മികച്ച ഇടവകദൂതനുൾപ്പെടെ (Tidings) 4 വിവിധ വിഭാഗങ്ങളിൽ ക്രൈസ്റ്റ് ചർച്ചിന് പുരസ്കാരങ്ങൾ ലഭിച്ചു. സഭയുടെ അഭിനന്ദനങ്ങൾ !!!!

**പുരസ്കാരങ്ങൾ**

1. മികച്ച ഇടവകദൂതൻ (Tidings) - ടൈഡിങ്സ് എഡിറ്റോറിയൽ ബോർഡ് കൺവീനർ ശ്രീ. സജി സാം ജോർജും, മെമ്പർ ശ്രീ. രജി ഈശോ ചെറിയാനും ചേർന്ന് പുരസ്കാരം സ്വീകരിച്ചു.
2. മികച്ച പുസ്തക രചന (ക്രൈസ്തവ സാഹിത്യം) - ശ്രീ.എൻ. എസ്. ഐസക് (ID.I-010) രചിച്ച 'ബൈബിൾ കഥകളിലെ നാട്ടുവെളിച്ചം.'
3. മികച്ച പുസ്തക രചന (വിദ്യാഭ്യാസം) - ശ്രീമതി. ശോശാമ്മ തോമസ് (ID.S-082) രചിച്ച 'ടീച്ചിങ് എ ഡിവൈൻ കോളിങ്.'
4. മികച്ച പുസ്തക രചന (ജനറൽ) - ശ്രീ. എബ്രഹാം ജേക്കബ് (ID.A-029) രചിച്ച 'എ വാക്ക് ത്രൂ ദി റെയിൻ.'

**2. മഹായിടവക കൺവൻഷൻ 2026**

മധ്യകേരള മഹായിടവക തൃതീയ ജൂബിലി സ്മാരക കൺവെൻഷൻ ജനുവരി മാസം 25 മുതൽ ഫെബ്രുവരി 1 വരെ കോട്ടയത്തുവച്ചു നടന്നു. അവസാന ദിനമായ 1.2.26 നു ക്രൈസ്റ്റ് ചർച്ചിനെ പ്രതിനിധീകരിച്ചു 17 പേർ കൺവൻഷനിൽ പങ്കെടുക്കുകയുണ്ടായി.

**3. മാസവരി, ആദ്യഫല, ടൈഡിങ്സ് കുടിശ്ശികകൾ**

**നടപ്പു സാമ്പത്തിക വർഷം ഈ മാസം അവസാനിക്കുന്നു. തെരഞ്ഞെടുപ്പ് വർഷമാണ്. മാസവരി, ആദ്യഫലലേലത്തുക, സ്തോത്രദാനങ്ങൾ, ടൈഡിങ്സ് മെമ്മോറിയൽ പേജുകളുടെ പരസ്യത്തുക, തുടങ്ങിയവയിൽ കുടിശിക ഉള്ളവർ അവ തീർപ്പാക്കുവാൻ താത്പര്യപ്പെടുന്നു.** ഇതിനായി എല്ലാ ഞായറാഴ്ച

കളിലും ആരാധനകൾക്കു ശേഷം ഇതിനായി പ്രത്യേക കൗണ്ട റുകൾ പള്ളി പോർച്ചിൽ പ്രവർത്തിക്കുന്നതാണ്. ഓൺ ലൈനായും പള്ളി ഓഫീസിലും ഇവ ഒടുക്കാവുന്നതാണ്. കൂടാതെ ഏരിയ പ്രയർ കൺവീനേഴ്സിനെയും ഇതിനായി ബന്ധപ്പെടാവുന്നതാണ്.

4. **പട്ടക്കാരുടെ സ്ഥലം മാറ്റം**

പട്ടക്കാരുടെ സ്ഥലമാറ്റ ലിസ്റ്റ് 2026 പുറത്തിറങ്ങി .നമ്മുടെ ഇടവക വികാരി റവ. അലക്സ് പി ഉമ്മനച്ചന് നെടുങ്ങാടപ്പള്ളി ഇടവകയി ലേക്കും ക്രൈസ്റ്റ് ചർച്ചയിലേക്ക് പകരമായി നെടുങ്ങാടപ്പള്ളിയിൽ നിന്നും റവ. തോമസ് പായിക്കാടനച്ചനും സ്ഥലമാറ്റം ലഭിച്ചിരിക്കുന്നു.

5. **വിശുദ്ധ വാരാചരണം**

ഈ വർഷവും പതിവുപോലെ ഹോശാന ഞായറിനെ തുടർന്ന് തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 6 മണിക്ക് പ്രത്യേക ധ്യാനയോഗങ്ങൾ നടത്തപ്പെടുന്നതാണ്. പെസഹവ്യാഴം ദുഃഖ വെള്ളി, ഈസ്റ്റർ ദിനങ്ങളിൽ പതിവ് ആരാധനകൾ ഉണ്ടായിരിക്കും (വിശദാംശങ്ങൾക്കു കളർ പേജ് കാണുക) ദുഃഖ വെള്ളിയാഴ്ച മല യാളം ആരാധനക്ക് ശേഷം ഉച്ചഭക്ഷണം (കഞ്ഞി) ഉണ്ടായിരിക്കുന്ന താണ്.

6. **കഷ്ടാനുഭവ ഗാനസന്ധ്യ**

4.4.26 ദുഃഖ ശനിയാഴ്ച വൈകിട്ട് 6 മണിക്ക് സഭയിലെ വിവിധ സംഘടനകളുടെ പങ്കാളിത്തത്തോടെ പള്ളിയിൽ വച്ച് കഷ്ടാനുഭവ ഗാന സന്ധ്യ (Passion Recital) നടത്തപ്പെടുന്നതാണ്. തദവസര ത്തിൽ സഭയിലെ ഓരോ സംഘടനയും ഓരോ കഷ്ടാനുഭവഗാനം ആലപിക്കേണ്ടതാണ്. ഇതിനായുള്ള തയ്യാറെടുപ്പുകൾ തുടങ്ങുവാൻ അഭ്യർത്ഥിക്കുന്നു.

7. **വി. ബി. എസ്. 2026**

സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ സഭയിലെ ഈ കൊല്ലത്തെ വി. ബി. എസ്. ഏപ്രിൽ 6 മുതൽ 16 വരെ സെന്റനറി ഹാളിൽ നടത്ത പ്പെടുന്നതാണ്. 12-4-26 ഞായർ വി.ബി.എസ്. ഞായർ ആയി ആചരി ക്കുന്നു.

8. **സ്ത്രീജനസഖ്യ ഞായർ**

മധ്യകേരള മഹായിടവക 1-3-26 സ്ത്രീജനസഖ്യ ഞായറായി ആചരി ക്കുന്നു എങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ക്രൈസ്റ്റ് ചർച്ചിൽ അത് 8-3-26 ഞായറാഴ്ച ആയിരിക്കും ആചരിക്കുക എന്നറിയിക്കുന്നു.

ക്രിസ്തീയ സഭയുടെ ആരാധനാവർഷത്തിലെ ഏറ്റവും ഭക്തിനിർഭരവും പവിത്രവും, നവീകരണത്തിന്റെയും ആത്മപരിശോധനയുടെയും കാലഘട്ടമായ നോമ്പിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ ധ്യാനിക്കാനുള്ള ഈ നാളുകൾ വിശ്വാസികൾക്ക് ആത്മീയ ചൈതന്യം പകരട്ടെ. ലളിതമായ ജീവിതശൈലിയിലൂടെയും കാരുണ്യപ്രവൃത്തികളിലൂടെയും അപരന്റെ സങ്കടങ്ങളിൽ പങ്കുചേരുവാൻ ഈ നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ഭൂമിയിലെ അവസാന നാളുകളെയും, കഷ്ടാനുഭവങ്ങളെയും, മരണത്തിന്മേലുള്ള അന്തിമ വിജയത്തെയും നാം ഈ ദിവസങ്ങളിൽ ഭക്തിപൂർവ്വം അനുസ്മരിക്കുന്നു. യെരുശലേമിലേക്കുള്ള കർത്താവിന്റെ രാജകീയ പ്രവേശനം ഓശാന ഞായറിലൂടെ ആഘോഷിച്ചുകൊണ്ട് ഈ വാരം ആരംഭിക്കുന്നു.തുടർന്ന് വരുന്ന പെസഹാ വ്യാഴം, വിശുദ്ധ സംസർഗ്ഗത്തിന്റെ സ്ഥാപനത്തെയും വിനയത്തിന്റെ വലിയ മാതൃകയെയും ഓർമ്മിപ്പിക്കുന്നു. മാനവരാശിയുടെ പാപപരിഹാരത്തിനായി ക്രിസ്തു കുരിശിൽ അർപ്പിച്ച ആത്മത്യാഗത്തെ ധ്യാനിക്കുന്ന ദു?ഖവെള്ളിയും, കാത്തിരിപ്പിന്റെ ശനിയും കഴിഞ്ഞ്, പ്രത്യാശയുടെ പൊൻപുലരിയായി ഈസ്റ്റർ കടന്നുവരുന്നു.

ഏവർക്കും അനുഗ്രഹീതമായ നോമ്പ്കാല ആശംസകൾ

പ്രാർത്ഥനാഭിവാദ്യങ്ങളോടെ,

**സജി സാം ജോർജ്**

സെക്രട്ടറി

## വാർഷിക പരീക്ഷ - ഒരുക്ക പ്രാർത്ഥന

